LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറികളിലെ കീടനാശിനികൾ

181 (3157) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറികളിലേയും പഴവർഗ്ഗങ്ങളിലേയും കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനും അവയെ നിർവ്വീര്യമാക്കുന്നതിനും എന്തെങ്കിലും ഉപാധികൾ വികസിപ്പിച്ചെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ അവ എവിടെ നിന്നും ലഭ്യമാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് എന്റമോളജി, എ.ഐ.സി.ആർ.പി. ഓൺ പെസ്റ്റിസൈഡ് റെസിഡ്യൂ ലാബിൽ പച്ചക്കറികളിലേയും പഴവർഗ്ഗങ്ങളിലേയും കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനും അവയെ നിർവ്വീര്യമാക്കുന്നതിനും 'വെജിവാഷ് ടെക്നോളജി' എന്ന ഉപാധി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(ബി) വെള്ളായണി കാർഷിക കോളേജിലെ ഡീൻ/പ്രൊഫസർ & പ്രോജക്ട് കോ-ഓർഡിനേറ്റർ, പെസ്റ്റിസൈഡ് റെസിഡ്യൂന്റെ ഓഫീസിൽ ലഭ്യമാണ്.

അടുക്കളത്തോട്ടം

182 (3158) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനായി പച്ചക്കറി തൈകളടക്കമുള്ള ഗ്രോബാഗുകൾ സബ്സിഡി നൽകി വിതരണം നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ വിതരണ ഏജൻസി ആരാണ് ; പൊതുജനങ്ങൾ ആരെയാണ് സമീപിക്കേണ്ടത് ;

(സി) ഒരു യൂണിറ്റിൽ എത്ര ഗ്രോബാഗുകളാണ് ഉണ്ടാകുക ; എത്ര രൂപയാണ് ഇതിനായി ഈടാക്കുന്നത് ; വിശദാംശം നൽകുമോ ?